# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**17.02.2009 ന് ഉച്ചയ്ക്ക് 12.00 മണിക്ക് കൂടുന്ന യോഗത്തിന്റെ അജണ്ട.**

## 1. പൊതുവിഷയങ്ങൾ

1.1 2008–09 വാർഷിക പദ്ധതി നിർവഹണ പുരോഗതി– അവലോകനം

| | | |
|---|---|---|
| *1. ഗ്രാമപഞ്ചായത്തുകൾ* | *:* | *പഞ്ചായത്ത് ഡയറക്ടർ* |
| *2. ബ്ലോക്ക് പഞ്ചായത്തുകൾ* | *:* | *ഗ്രാമവികസന കമ്മീഷണർ* |
| *3. മുനിസിപ്പാലിറ്റികൾ* | *:* | *നഗരകാര്യ ഡയറക്ടർ* |
| *4. ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും* | *:* | *അഡീഷണൽ സെക്രട്ടറി, തസ്വഭവ* |

## 2. പ്രത്യേക വിഷയങ്ങൾ

### 2.1 ആളൂർ ഗ്രാമപഞ്ചായത്ത്

വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം 1999–2000–ൽ പ്രവർത്തനമാരംഭിച്ച പ്രീ – പ്രൈമറി സ്കൂളിൽ നിയമിക്കപ്പെട്ട ടീച്ചർ, ആയ എന്നിവർക്ക്, പതിനൊന്നിന പരിപാടി പ്രകാരം ആരംഭിച്ച നഴ്സറി സ്കൂളുകളിലെ ടീച്ചർ, ആയ എന്നിവർക്ക് നൽകിവരുന്ന അതേ നിരക്കിൽ ഹോണറേറിയം അനുവദിക്കുവാൻ ഗ്രാമ പഞ്ചായത്ത് 2007–ൽ അനുമതി ആവശ്യപ്പെട്ടിരുന്നു. 2001–02 വരെയുള്ള ഹോണറേറിയം പദ്ധതി വിഹിതത്തിൽ നിന്ന് നൽകിയിട്ടുണ്ട്. ഈ വിഷയം 21.03.2007–ൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്ത് ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ച പ്രീ–പ്രൈമറി വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ – സ്കൂളുകളുടെ പേര്, ആരംഭിച്ച വർഷം, ഡിവിഷനുകളുടെ എണ്ണം, ആകെ കുട്ടികൾ (അഞ്ച് വർഷത്തെ കണക്കുകൾ), കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ നിരക്ക്, അധ്യാപകരുടെ എണ്ണം, ഹോണറേറിയം, ഏത് സ്രോതസ്സിൽ നിന്നാണ് തുക വിനിയോഗിക്കുന്നത് – ശേഖരിച്ച് റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പഞ്ചായത്ത് ഡയറക്ടർ ആളൂർ ഗ്രാമപഞ്ചായത്തിലെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

***റിപ്പോർട്ട് :–*** ആളൂർ ഗ്രാമപഞ്ചായത്തിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം ഒരു സ്കൂളാണ് പ്രവർത്തനമാരംഭിച്ചത്. 2000–2001, 2001–2002 കാലയളവിൽ ടീച്ചർക്കും ആയയ്ക്കും യഥാക്രമം 1000 രൂപ, 500 രൂപ നിരക്കിൽ പദ്ധതി വിഹിതത്തിൽ നിന്നും ഹോണറേറിയം നൽകിയിരുന്നു. കുട്ടികളിൽ നിന്നും ഫീസ് ഈടാക്കുന്നില്ല. കുട്ടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 1999–2000 | 27 |
| 2000–2001 | 28 |
| 2001–2002 | 24 |
| 2002–2003 | 25 |
| 2003–2004 | 22 |
| 2004–2005 | 24 |
| 2005–2006 | 19 |
| 2006–2007 | 21 |
| 2007–2008 | 22 |

01.04.2002 മുതൽ 31.07.2005 വരെ 1300 രൂപ, 800 രൂപ നിരക്കിലും 01.08.2005 മുതൽ 30.06.2006 വരെ 1400 രൂപ, 900 രൂപ നിരക്കിലും 01.07.2006 മുതൽ 31.03.2008 വരെ 1550 രൂപ, 1050 രൂപ നിരക്കിലും 01.04.2008 മുതൽ 31.12.2008 വരെ 2050 രൂപ, 1300 രൂപ നിരക്കിലും ഹോണറേറിയം അനുവദിക്കുന്നതിന് ആകെ 1,62,850 രൂപ വേണ്ടിവരുമെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും കുടിശ്ശിക (31.12.2008 വരെയുള്ളത്) അനുവദിക്കുവാൻ 11.02.2009–ലെ സ.ഉ. (സാധാ) 357/09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നടപടിക്ക് സാധൂകരണം.

### 2.2 പൂത്തൃക്ക ഗ്രാമപഞ്ചായത്ത്

എ.ആർ.ഡബ്ല്യൂ.എസ്.എസ് പദ്ധതി പ്രകാരം നടപ്പാക്കിയ കുടിവെള്ള സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് മെയിന്റനൻസ് ഫണ്ടിൽ നിന്നും അടയ്ക്കുവാൻ ഗ്രാമപഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്ത് ഈ വിഷയം സംബന്ധിച്ച് 20.01.2009, 27.01.2009 എന്നീ തീയതികളിൽ രണ്ട് നിവേദനങ്ങൾ നൽകിയിരുന്നു. ആദ്യ നിവേദനത്തിൽ 9 കുടിവെള്ള സ്കീമുകൾക്കും രണ്ടാമത്തെ നിവേദനത്തിൽ 6 സ്കീമുകൾക്കുമാണ് (ആദ്യനിവേദനത്തിൽ ഉൾപ്പെട്ട 6 സ്കീമുകൾ മാത്രം) അനുമതി ആവശ്യപ്പെട്ടിരുന്നത്. രണ്ടാമത്തെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന ചുവടെ ചേർത്തിട്ടുള്ള 6 സ്കീമുകളുടെ കുടിശ്ശിക തനത് ഫണ്ടിൽ നിന്നും അടയ്ക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

1. മലേക്കുരിശ് കോളനി കുടിവെള്ള പദ്ധതി
2. വട്ടേക്കാട് കോളനി കുടിവെള്ള പദ്ധതി
3. ചൂണ്ടി ലക്ഷം വീട് കോളനി "
4. കുമ്മണ്ണൂർ കോളനി "
5. ചെമ്മല കോളനി "
6. നെടും പറമ്പിൽകോളനി "

ആദ്യ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നതിൽ ചുവടെ ചേർത്തിട്ടുള്ള മൂന്ന് സ്കീമുകൾക്ക് അനുമതി നൽകിയിട്ടില്ല.

1. മോളേൽ കോളനി കുടിവെള്ള പദ്ധതി
2. കറുകപ്പിള്ളി കോളനി ”
3. പണ്ടാരി മുകൾ കോളനി ”

ഈ മൂന്ന് സ്കീമുകൾക്കു കൂടി അനുമതി നൽകാമോയെന്ന് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

**2.3 പൊന്നാനി മുനിസിപ്പാലിറ്റി**

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് സർക്കാർ സ്കൂളുകൾക്ക് തനത്/ വികസനഫണ്ട് വിനിയോഗിച്ച് മൂത്രപ്പുരയും ടോയ്ലറ്റും നിർമ്മിച്ചു നൽകുന്നതിന് അനുമതി.

***ശുചിത്വമിഷൻ ഡയറക്ടറുടെ റിപ്പോർട്ട്:-*** സ്കൂൾ കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യം നൽകേണ്ടത് അധികാരികളുടെ ബാധ്യതയാണ്. നിലവിലുള്ള സാഹചര്യത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കാൻ കഴിയുകയില്ല. ഉടമസ്ഥനെക്കൊണ്ട് ഇവ സ്ഥാപിക്കാൻ കഴിഞ്ഞാൽ നല്ലതാണ്. എന്നാൽ ഇത് എല്ലായ്പ്പോഴും പ്രായോഗികമാണെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ മൂന്ന് വർഷമെങ്കിലും വാടകകെട്ടിടത്തിൽ പ്രവർത്തിക്കാൻ സാധ്യതയുള്ള സ്കൂളുകൾക്ക് അത്യാവശ്യത്തിന് മൂത്രപ്പുരയും ടോയ്ലറ്റും നിർമ്മിച്ച് നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവു ന്നതാണ്.

**2.4 പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്**

ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ ചുവടെ പ്രതിപാദിക്കുന്ന നിരക്കിലാണ് ധനസഹായം നൽകി വരുന്നത് (29.12.2007 മുതൽ).

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | 45,000 രൂപ (മൂന്ന് സെന്റ്) |
| മുനിസിപ്പാലിറ്റികൾ | - | 50,000 രൂപ (1 1/2 സെന്റ് ) |
| കോർപ്പറേഷനുകൾ | - | 60,000 രൂപ (1 1/2 സെന്റ് ) |

ഈ നിരക്കുകൾ യഥാക്രമം 75,000 രൂപ, 90,000 രൂപ 1,00,000 രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തദ്ദേശഭരണ സ്ഥാപന ങ്ങളും സമാന പരിപാടി നടപ്പാക്കുന്നതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് ഏകികൃത നിരക്ക് നിശ്ചയിക്കുന്നതായിരിക്കും ഉചിതമെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

## 2.5 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'പഠന പര്യടനം' എന്ന പ്രോജക്ടിന് (2.50 ലക്ഷം രൂപ) അനുമതി. 2005–06 ലെ മികച്ച ബ്ലോക്ക് പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടതിന് ലഭിച്ച അവാർഡ് തുകയാണ് വിനിയോഗിക്കുന്നത്.

പശ്ചിമ ബംഗാളിലെ മധ്യതല പഞ്ചായത്ത് സംവിധാനത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തന രീതികളും നടപടികളും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നേരിൽ കണ്ട് പഠിക്കുന്നതിനും താരതമ്യ പഠനം നടത്തുന്നതിനുമാണ് പ്രോജക്ട് വിഭാവന ചെയ്യുന്നത്.

## 2.6 സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്

2005–06 സാമ്പത്തിക വർഷം എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചു നൽകുന്നതിന് അനുമതി.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | ഭരണാനുമതി തീയതി | ബിൽ തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പുത്തൻകുന്ന് ചിറ വിപുലീകരണം, നെൻമേനി | 5,50,000 | 27.08.2005 | 5,50,000 | ബിൽ തുക നൽകിയിട്ടില്ല |
| 2 | കാപ്പിക്കുന്ന് കോൽക്കുഴിപ്പാലം അപ്പുവയൽ റോഡ്, മീനങ്ങാടി | 15,00,000 | 27.08.2005 | 12,65,779 | ബിൽ തുക നൽകിയിട്ടില്ല |
| 3 | പന്നിമുണ്ട പുറക്കാടി തുമ്പക്കൊല്ലി റോഡ്, മീനങ്ങാടി | 15,00,000 | 27.08.2005 | 15,00,000 | ബിൽ തുക നൽകിയിട്ടില്ല |
| 4 | കൊളഗപ്പാറ വട്ടത്തിമൂല | 15,00,000 | 27.08.2005 | 14,37,259 | ബിൽ തുക നൽകിയിട്ടുണ്ട്. |

***ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട്:-* എസ്.ജി.ആർ.വൈയുടെ വാർഷിക കർമ്മ പദ്ധതിയിൽപ്പെടാത്ത പ്രോജക്ടുകളാണ് ഇവ**. ഈ പ്രവൃത്തികൾക്ക് വയനാട് പ്രോജക്ട് ഡയറക്ടർ അംഗീകാരം നൽകിയിട്ടുണ്ടെന്ന് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 08.07.2008–ലെ നമ്പർ സി. 1078/2008–ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ എസ്.ജി.ആർ.വൈ/NFFP പദ്ധതി 02.02.2006 മുതൽ നിർത്തലാക്കിയ സാഹചര്യത്തിൽ ഈ പ്രവൃത്തികൾക്ക് തുക നൽകുവാൻ എസ്.ജി.ആർ.വൈ ഫണ്ട് ലഭ്യമായിരുന്നില്ല. വാർഷിക കർമ്മ പദ്ധതിയിൽ

ഉൾപ്പെടാതിരുന്ന അഡീഷണൽ പ്രവർത്തികളായിരുന്നതിനാൽ 27.03.2008–ലെ സർക്കാർ ഉത്തരവ്(സാധാ) 920/08/തസ്വഭവ പ്രകാരം തുക നൽകാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റിന്റെ മേൽ സൂചിപ്പിച്ച കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ പ്രവർത്തികളിൽ ക്രമ നമ്പർ രണ്ട്, മൂന്ന് എന്നീ പ്രവർത്തികളുടെ കൺവീനറായ ശ്രീ. വി.വി.രാജു വെൻങ്ങാനന്തനം വീട്, മീനങ്ങാടി O.S.28/2008 നമ്പരായും, ക്രമ നമ്പർ നാലിന്റെ കൺവീനറായ റ്റി.വി.ജോണി, തണ്ടക്കാട്ടുവീട്, അമ്പലവയൽ, ഒളഗപ്പാറ, സുൽത്താൻബത്തേരി O.S.26/2008- നമ്പരായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നു.

O.S.No. 26/2008- ലെ ഉത്തവിനെ തുടർന്ന് **ക്രമ നമ്പർ നാലിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തിക്ക് കൺവീനർക്ക് നൽകുവാനുണ്ടായിരുന്ന തുക (14,37,259 രൂപ) പദ്ധതി വിഹിതത്തിൽ നിന്നും നൽകിയിട്ടുണ്ട്.** 26.06.2008–ലെ ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച O.S. No.28/2008 –ലെ ഉത്തരവു പ്രകാരം **ക്രമ നമ്പർ രണ്ടും മൂന്നും കർമ്മ പദ്ധതിയിൽപ്പെടാത്ത അഡീഷണൽ പ്രവൃത്തികളായതിനാൽ 27.03.2008–ലെ സർക്കാർ ഉത്തരവ് (സാധാ) 920/2008/തസ്വഭവ ഉത്തരവ് പ്രകാരം പണം അനുവദിച്ചു നൽകാൻ കഴിയുകയില്ലെന്നും ഇത്തരം പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കുന്നതാണെന്നും ഇതു സംബന്ധിച്ച് പ്രത്യേക ഉത്തരവ് എതിർ കക്ഷികൾ സർക്കാരിൽ നിന്ന് തേടേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.** സർക്കാർ ഉത്തരവ് ലഭിച്ചിട്ടും തുക ലഭിക്കുവാൻ കാലതാമസം വരികയാണെങ്കിൽ പരാതിക്കാർക്ക് ബഹു. ഓംബുഡ്സ്മാനെ വീണ്ടും സമീപിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് എസ്.ജി.ആർ.വൈയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നൽകുവാനുള്ള തുക 2008–09–ലെ വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്ത വിവരം വയനാട് പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപറയുന്ന ശുപാർശകൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ബ്ലോക്കുപഞ്ചായത്തുമായി നിയമസാധുതയുള്ള കരാർ വച്ച കൺവീനർമാർ പണി പൂർത്തിയാക്കിയതുകൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സൂക്ഷ്മ പരിശോധന നടത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ കിഴിവുകൾ കുറവുചെയ്ത് തുക നൽകുവാൻ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയുണ്ട്. കൂടാതെ ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവും ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്. മേൽ

പ്രസ്താവിച്ച പണികൾക്ക് തുക നൽകുന്നതിന് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2008–09–ലെ വികസന ഫണ്ടിൽ തുക വക കൊള്ളിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പണി പൂർത്തീകരിച്ച മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകുന്നതിനുള്ള ശുപാർശ സംസ്ഥാന കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

### 2.7 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

2008–09 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ 'നിലമ്പൂർ താലൂക്ക് ആശുപത്രി, ചുങ്കത്തറ സി.എച്ച്.സി. എന്നീ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്ടിന് (മെയിന്റനൻസ് ഫണ്ട്–6.50 ലക്ഷം രൂപ) അനുമതി.

മെയിന്റനൻസ് ഫണ്ടിൽനിന്നും മരുന്ന് വാങ്ങാവുന്ന പരിധിയിൽ (10%–3.43 ലക്ഷം രൂപ) കൂടുതൽ തുക വകയിരുത്തിയതിനാലാണ് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചത്.

### 2.8 ശുചിത്വമിഷൻ

ഗ്രാമവികസനവകുപ്പിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിട്ടുകിട്ടിയ രണ്ട് ക്ലർക്കുമാരുടെ സേവനം മാത്രമാണ് ഇപ്പോൾ മിനിസ്റ്റീരിയൽ വിഭാഗത്തിൽ മിഷന് ലഭ്യമായിട്ടുള്ളത്. ജോലിഭാരം വർദ്ധിച്ചിട്ടുള്ളതിനാൽ പഞ്ചായത്ത് വകുപ്പിൽ നിന്നുകൂടി ഒരു ക്ലർക്കിന്റെ സേവനം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ആവശ്യം.

***ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട്:–*** സമ്പൂർണ്ണശുചിത്വ യജ്ഞം പരിപാടിക്കുപുറമെ മാലിന്യമുക്ത കേരളം ക്യാമ്പയിൻ കൂടി ശുചിത്വമിഷന് നടപ്പാക്കേണ്ടതുള്ളതിനാൽ മിഷന്റെ ജോലിഭാരം കാര്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ക്ലറിക്കൽ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത്, നഗരകാര്യം എന്നീ വകുപ്പുകളിൽനിന്നും ഓരോ ക്ലർക്കുമാരെ വീതം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

### 2.9 തൃശൂർ ജില്ലാപഞ്ചായത്ത്
### വെള്ളാങ്ങല്ലൂർപഞ്ചായത്ത്
### ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
### എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

ഇ.എം.എസ്.ഭവനപദ്ധതി നടപ്പാക്കുവാൻ സർക്കാരിന്റെ ആദ്യ നിർദ്ദേശപ്രകാരം ബി.പി.എൽ. ലിസ്റ്റിൽ നിന്നും അർഹതയുള്ളവരെ കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയതിനുശേഷം നിർവ്വഹണ നടപടി ആരംഭിച്ചപ്പോഴാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ആധാരമാക്കിയ ബി.പി.എൽ. ലിസ്റ്റ് അടിസ്ഥാനമാക്കി പരിശോധനാ പ്രക്രിയയിലൂടെ

ഗുണഭോക്താക്കളെ കണ്ടെത്തണമെന്ന പുതിയ നിർദ്ദേശം വന്നത്. പ്രസ്തുത ലിസ്റ്റ് ഒട്ടേറെ അപാകതകൾ നിറഞ്ഞതാണ്.

ആദ്യനിർദ്ദേശപ്രകാരം തൃശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒട്ടേറെ മുന്നോട്ട് പോയതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എടുക്കാനുദ്ദേശിക്കുന്ന വായ്പയുടെ നിർദ്ദേശങ്ങൾ 53 ഗ്രാമപഞ്ചായത്തുകൾ നിശ്ചിത പ്രഫോർമയിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12 ഗ്രാമപഞ്ചായത്തുകൾ ജില്ലാ സഹകരണ ബാങ്കുമായി ഇതിനകം കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. 28 ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ സഹകരണ ബാങ്ക് സമ്മതപത്രം നൽകിയിട്ടുണ്ട്. 40 മുതൽ 350 വരെ ഗുണഭോക്താക്കളുടെ ലിസ്റ്റാണ് തദ്ദേശഭരണസ്ഥാപനങ്ങൾ അന്തിമമാക്കിയിട്ടുള്ളത് (350 എണ്ണം കുന്നംകുളം മുനിസിപ്പാലിറ്റിയിലാണ്).

മുൻ ഉത്തരവനുസരിച്ച് ഇത്രയും കാര്യങ്ങൾ പൂർത്തിയാക്കിയതിനുശേഷം പുതിയ നിർദ്ദേശപ്രകാരം കാര്യങ്ങൾ ചെയ്യണമെന്ന് പറയുന്നത് ആവർത്തനമാണ്.

ഈ കാരണങ്ങളാൽ ആദ്യ നിർദ്ദേശപ്രകാരം തയ്യാറാക്കിയ ലിസ്റ്റ് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകണമെന്നതാണ് ആവശ്യം.

### 2.10 പാലക്കാട് ജില്ലാ പഞ്ചായത്ത്

ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ജില്ലാ പഞ്ചായത്ത് ആസ്ഥാനത്തുതന്നെ ഒരു ഔദ്യോഗിക വസതി അനുവദിക്കുന്നതിനോ ഒരു ക്യാമ്പ് ഓഫീസ്-കം-റസിഡൻസി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വാടക അനുവദിക്കുന്നതിനോ അനുമതി നൽകണമെന്നതാണ് ആവശ്യം.

### 2.11 ഉദയഗിരി ഗ്രാമ പഞ്ചായത്ത്

2008-09 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ 'നാളികേരാധിഷ്ഠിത പുരയിട കൃഷി വികസനം' എന്ന പ്രോജക്ടിന് അനുമതി (വികസനഫണ്ട് 1.40 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 7.00 ലക്ഷം രൂപ, ആകെ 8.40 ലക്ഷം രൂപ).

തെങ്ങ് മുറിച്ചുമാറ്റി അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിന് കൂലിയിനത്തിൽ ഒരു തെങ്ങിന് 100 രൂപ നിരക്കിൽ 8000 തെങ്ങിന് 8.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂലിയിനത്തിൽ തുക വകയിരുത്തിയതിനാലാണ് ഡി.പി.സി. അനുമതി നിരസിച്ചത്. കൂലിയിനത്തിലെ ചെലവ് കേരകർഷകർക്ക് താങ്ങാവുന്ന തിലധികമായതിനാലാണ് സബ്സിഡി നൽകുന്നത്. തെങ്ങ് മുറിച്ചുമാറ്റി സ്ഥലം അനുയോജ്യമായ മറ്റ് വിളകൾക്ക് യോഗ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തെങ്ങ് മുറിച്ചുമാറ്റുന്നതിന് 8.00 ലക്ഷം രൂപയും മറ്റ് പ്രവർത്തനങ്ങൾക്ക് (പശ്ചാത്തല മൊരുക്കൽ, ബോധവല്ക്കരണം, സർവേ പഠനം, പ്രാദേശിക നടത്തിപ്പ് സംവിധാന രൂപീകരണം) 40,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

### 2.12 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

2008–09 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ 'തൊഴിൽ പരിശീലനം–വനിത (കാർ, കമ്പ്യൂട്ടർ)' എന്ന പ്രോജക്ടിന് അനുമതി.

ഗുണഭോക്താക്കൾക്ക് ലൈസൻസ് ഉറപ്പാക്കണമെന്നും തൊഴിൽ നൽകുന്നതിനുള്ള സാധ്യതകൂടി ഉൾപ്പെടുത്തണമെന്നും അതിന് അനുസൃതമായി പ്രോജക്ട് പരിഷ്ക്കരിച്ച് സമർപ്പിക്കണമെന്നും കണ്ണൂർ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചിട്ടുണ്ട്.

***പ്രോജക്ട് പ്രവർത്തനങ്ങൾ***

| | | |
|---|---|---|
| പശ്ചാത്തലമൊരുക്കൽ | – | 1000 രൂപ |
| കാർഡ്രൈവിംഗ് പരിശീലനം | – | 21 X 3000 = 63,000 രൂപ |
| കമ്പ്യൂട്ടർ പരിശീലനം | – | 11 X 5000 = 55,000 രൂപ |
| നിർവ്വഹണചെലവ് | – | 1000 രൂപ |
| **ആകെ** | **–** | **1,20,000 രൂപ** |

കഴിഞ്ഞ മൂന്ന് വർഷമായി ഡ്രൈവിംഗ് പരിശീലനം വിജയകരമായി നടപ്പാക്കിവരുന്നതായി ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### 2.13 കൊരട്ടി ഗ്രാമപഞ്ചായത്ത്

എം.എൽ.എ.യുടെ പ്രത്യേക വികസനഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾ ടെണ്ടർ ചെയ്തുവെങ്കിലും (2008–ലെ ഷെഡ്യൂൾ നിരക്ക്) ടാറിന്റെ വില വ്യത്യാസം കാരണം കരാറുകാർ ടെണ്ടർ സമർപ്പിക്കുന്നില്ല. ടാറിന്റെ അധികവില ഏകദേശം 3.66 ലക്ഷം രൂപ വരും. അധികവില എം.എൽ.എ. ഫണ്ടിൽനിന്ന് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചെങ്കിലും തുക ലഭിച്ചില്ല. ടാറിന്റെ അധികവില വികസന/തനത്ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി.

### 2.14 ആലപ്പുഴ ജില്ലാപഞ്ചായത്ത്

ഗവൺമെന്റ് സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന 'എസ്.എസ്. എൽ.സി. വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗും ലഘുഭക്ഷണവും' എന്ന പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് എയ്ഡഡ് സ്കൂളുകളിൽക്കൂടി നടപ്പാക്കുന്നതിന് അനുമതി.

### 2.15 കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്

ചുവടെ ചേർത്തിട്ടുള്ള മെയിന്റനൻസ്ഫണ്ട് പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ചിട്ടില്ല.

(1) 73/09– പഞ്ചായത്ത് സാനിട്ടേഷൻ വിപുലീകരണം

(2) 74/09– പഞ്ചായത്ത് ഓഡിറ്റോറിയം കിച്ചൺ ബ്ലോക്ക് വയറിംഗ്

## 2.16 തുറവൂർ ഗ്രാമപഞ്ചായത്ത്

2008–09 വാർഷികപദ്ധതിയിലെ 'കൊപ്ര പ്രോസസിംഗ് ആന്റ് കോക്കനട്ട് ഓയിൽ പ്രൊഡക്ഷൻ യൂണിറ്റ്' എന്ന ബഹുവർഷ പ്രോജക്ടിന് അനുമതി.

ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്ന വളമംഗലം പ്രദേശത്ത് 20 വർഷം മുമ്പ് സ്ഥാപിച്ച 'തുറവൂർ പട്ടികജാതി വ്യവസായ സഹകരണ സംഘം' ഇന്ന് നിശ്ചലാവസ്ഥയിലാണ്. 200–ലധികം സ്ത്രീ തൊഴിലാളികൾക്ക് പീലിംഗ് വ്യവസായത്തിലൂടെ തൊഴിൽ ലഭിച്ചിരുന്നു. സംഘത്തിന് ഒന്നര ഏക്കറിലധികം ഭൂമിയും 3500–ലധികം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടവും സ്വന്തമായുണ്ട്. പ്രസ്തുത സംഘത്തെ പുനരുദ്ധരിച്ച് കൊപ്ര സംസ്കരണ ഓയിൽ പ്രൊഡക്ഷൻ യൂണിറ്റ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് (പ്രതിദിനം 5000 നാളികേരം പ്രോസസ് ചെയ്യാൻ ശേഷിയുള്ളത്).

1. ചെലവിനം (ലക്ഷം രൂപ)

| | | |
|---|---|---|
| • 25 സെന്റ് സ്ഥലം (ഒരു സെന്റിന് 1.00 ലക്ഷം രൂപ) | – | 25.00 |
| • കെട്ടിടനിർമ്മാണം | – | 15.50 |
| • പ്ലാന്റ് & മെഷിണറി | – | 16.00 |
| • കൊപ്ര ഡ്രയർ യൂണിറ്റ് | – | 17.00 |
| ആകെ | – | 73.50 |

2. ധനവിനിയോഗം സംഘം സെക്രട്ടറിയുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ട് മുഖേനയായിരിക്കും.
3. നാളികേര സംഭരണം, വെളിച്ചെണ്ണ വിതരണം എന്നിവയ്ക്ക് സി.ഡി.എസ്/എ.ഡി.എസിന്റെ സഹായം ഉറപ്പ് വരുത്തും.
4. സംഭരണത്തിനും വിതരണത്തിനുമായി സംഘം സ്വന്തമായി വാഹനം വാങ്ങിക്കുന്നതാണ്.
5. വിഭവസ്രോതസ്സുകൾ (ലക്ഷം രൂപ)

| | | |
|---|---|---|
| • വികസനഫണ്ട് | – | 25.00 |
| • വായ്പ | – | 10.00 |
| • സംഘം നേരിട്ട് ചെലവഴിക്കുന്നത് | – | 26.05 |
| • നാളികേരവികസനബോർഡിന്റെ സഹായം | – | 12.45 |
| **ആകെ** | **–** | **73.50** |

6. പ്രോജക്ടിന് അംഗീകാരം ലഭിക്കുകയാണെങ്കിൽ വിദഗ്ദ്ധന്മാരെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**(എ) വ്യവസായ സഹകരണസംഘങ്ങൾ**

(i) ആധുനികവത്കരണത്തിനും (modernization) വിപുലീകരണത്തിനും (expansion) ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് – മൊത്തം വിലയുടെ മൂന്നിലൊരുഭാഗം – പരമാവധി 1.50 ലക്ഷം രൂപ ഓരോ സംഘത്തിനും സബ്സിഡി നല്കാവുന്നതാണ്.

(ii) തദ്ദേശഭരണ സ്ഥാപനത്തിന് ഉടമസ്ഥതയുള്ള സ്ഥിരമായ വിപണന കേന്ദ്രങ്ങൾ

(iii) അർഹത നിശ്ചയിക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്

1) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം വാങ്ങിയിരിക്കണം.
2) സംഘത്തിന് ശമ്പളം പറ്റുന്ന മുഴുവൻ സമയ സെക്രട്ടറി (paid secretary) ഉണ്ടായിരിക്കണം.
3) സംഘത്തിന് വിപണന ശൃംഖല ഉണ്ടായിരിക്കണം.
4) സംഘത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ യഥാർത്ഥ നഷ്ടം (net loss) പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ (paid-up share capital) പകുതിയിൽ അധികമാകാൻ പാടില്ല.

**(ബി) പട്ടികജാതി സഹകരണസംഘങ്ങൾ**

കഴിഞ്ഞ അഞ്ച് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ നഷ്ടം ഇല്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക്, പ്രോജക്ട് ചെലവിന്റെ 50 ശതമാനം എന്ന പരിധിക്ക് വിധേയമായി, ധനസഹായം നല്കാവുന്നതാണ്. മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല.

**2.17 നോർത്ത് പരവൂർ മുനിസിപ്പാലിറ്റി**

2008–09 ലെ എസ്.എസ്.എ പരിപാടിക്കായി 8,27,466 രൂപ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2008–09 വാർഷിക പദ്ധതിയിൽപ്പെടുത്തി 2.00 ലക്ഷം രൂപ ഇതിനകം അടച്ചിട്ടുണ്ട്. ബാക്കി തുക (4,27,466 രൂപ) അടുത്ത വർഷം അടയ്ക്കുന്നതിന് അനുമതി.

******